# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 6634 | 04.04.2018-ൽ<br>മറുപടിക്ക് |

**<u>ഉദുമ സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം</u>**

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| എ) കാസർഗോഡ് ജില്ലയിലെ ഉദുമ സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം എന്നാണ് ആരംഭിച്ചത്; | എ) ഉദുമ സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം 22.03.1971-ൽ ആരംഭിച്ചു. |
| ബി) ഈ സ്ഥാപനം ഇന്നും വാടക-ക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;<br>ഡി) എങ്കിൽ ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | സി) യും ഡി) യും ഉദുമ വില്ലേജിൽ മുൻ സർവ്വെ നം.154/1-ൽ പ്പെട്ട 10 സെന്റ് സ്ഥലം ശ്രീ.കെ.കെ.അബ്ദുള്ള ഹാജിയിൽ നിന്നും ദാനാധാരപ്രകാരം ലഭ്യമായിട്ടുണ്ട്. ഈ സ്ഥലത്ത്, 2016-17 ബഡ്ജറ്റ് പ്രകാരം, കിഫ്ബിയുടെ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ